**പതിമൂന്നാം കേരള നിയമസഭ**

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

**എട്ടാമത് റിപ്പോർട്ട്**

(2014 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

എട്ടാമത് റിപ്പോർട്ട്

(2014 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

17/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# പിന്നോക്ക സമുദായക്ഷേമ സമിതി (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. മമ്മൂട്ടി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# മുഖവുര

കേരളത്തിലെ പിന്നോക്കസമുദായക്കാരുടെ ക്ഷേമം മുൻനിർത്തി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 261-ഇ പ്രകാരം 4-2-1993-ൽ കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതി രൂപീകരിക്കപ്പെട്ടു. കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതിയിൽ ഒൻപത് അംഗങ്ങളാണുള്ളത്. അതിൽ ആറുപേർ പിന്നോക്ക വിഭാഗത്തിൽ പെടുന്നവരാണ്. ഈ സമിതിയിലേക്കുള്ള അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതും സമിതി ചെയർമാനെ നിയോഗിക്കുന്നതും സ്പീക്കറാണ്. ധനകാര്യ സമിതികളുടെ കാലാവധി അവസാനിക്കുന്നതോടുകൂടി ഈ സമിതിയുടെയും കാലാവധി അവസാനിക്കുന്നതായി കണക്കാക്കി ഈ സമിതി പുനഃസംഘടിപ്പിക്കുന്നു. നിലവിലുള്ള പിന്നോക്കസമുദായ ക്ഷേമ സമിതി 2014 മേയ് 30-ാം തീയതി പുനഃസംഘടിപ്പിക്കപ്പെട്ടു.

സംസ്ഥാന സർവ്വീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലുള്ള തദ്ദേശസ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽവരുന്ന മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയിലെ തസ്തികകളിലോ സേവനങ്ങളിലോ പിന്നോക്കസമുദായങ്ങൾക്ക് നിർണ്ണയിക്കപ്പെട്ട പ്രാതിനിധ്യം ഉണ്ടോ എന്ന് പരിശോധിക്കുക, അവയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നിവയാണ് സമിതിയുടെ പ്രധാന കർത്തവ്യങ്ങൾ. പിന്നോക്ക വിഭാഗ സമുദായങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പുരോഗതി അവലോകനം ചെയ്യുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക വിഭാഗ സമുദായങ്ങളിൽപ്പെടുന്നവർക്ക് ലഭ്യമാകുന്ന പ്രവേശനത്തിന്റെ പര്യാപ്തതയും സ്കോളർഷിപ്പുകളും തിട്ടപ്പെടുത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനും വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുക എന്നിവയും സമിതിയുടെ കർത്തവ്യങ്ങളാണ്.

2013-ൽ പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ പരിഗണനയിൽ വന്നതും സർക്കാരിൽനിന്ന് ലഭിച്ച അനുകൂലവും പ്രതികൂലവും ആയ മറുപടികളിൻമേൽ സമിതി തീർപ്പ് കൽപ്പിച്ചതുമായ ഹർജികൾ ഉൾക്കൊള്ളുന്നതാണ് പ്രസ്തുത റിപ്പോർട്ട്. പിന്നോക്ക സമുദായത്തിൽപ്പെട്ടവരുടെ ക്ഷേമത്തിന് ഉതകുന്ന സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ (2014-16) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 നവംബർ 25-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,

തിരുവനന്തപുരം,
2014 ഡിസംബർ 5.

*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

## റിപ്പോർട്ട്

## സമിതിയുടെ പരിശോധനമൂലം പരാതി പരിഹരിക്കപ്പെട്ട ഹർജികളുടെ ഉള്ളടക്കവും പരാതി പരിഹരിക്കപ്പെട്ടവിധവും കാണിക്കുന്ന സംക്ഷിപ്ത വിവരണം

1. പിന്നോക്കസമുദായ ക്ഷേമ സമിതി (2006-08) മുമ്പാകെ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ ശ്രീ. കേശവൻ ഉത്തമൻ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 4634/ബി.സി.സി1/08/നി.സെ.)

മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ആനുകൂല്യം പിന്നോക്ക സമുദായത്തിൽപ്പെട്ട മറ്റ് 17 വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുകൂടി നൽകുവാൻ സർക്കാർ ഉത്തരവായിയെന്നും എന്നാൽ 2005-ൽ പുറത്തിറങ്ങിയ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ സ്ഥലധികാരികൾ തയ്യാറാകാത്ത ഒരു സ്ഥിതിവിശേഷം നിലവിൽ ഉള്ളതിനാൽ ടി കുട്ടികൾക്ക് ഇതിന്റെ ഗുണഫലം അനുഭവിക്കുവാൻ കഴിയുന്നില്ലെന്നും ബന്ധപ്പെട്ട മേലധികാരികൾക്ക് ഇതു സംബന്ധിച്ച് പരാതി നൽകിയെങ്കിലും നടപടി സ്വീകരിച്ചിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത വിഷയത്തിന്മേൽ സമിതി അനുഭാവപൂർവ്വമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നുമായിരുന്നു 22-8-2008-ലെ ആലപ്പുഴ ജില്ലാ സമിതി യോഗത്തിൽ ലഭിച്ച പരാതിയിലെ ആവശ്യം. ഹർജി പരിഗണിച്ച സമിതിയോഗം പ്രസ്തുത വിഷയത്തിന്മേൽ ബന്ധപ്പെട്ട വകുപ്പിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിൽനിന്നും 23-2-2010-ലെ 62210/എൻ1/08/പൊ.വി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമായിരുന്നു:

"12-7-1966-ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 319/66/വിദ്യാഭ്യാസം പ്രകാരം മുസ്ലീം സമുദായത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ഇൻസെന്റീവ് ആയി വാർഷിക സ്കോളർഷിപ്പ് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ആനുകൂല്യം 25-9-1979-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 158/79/പൊ.വി. പ്രകാരം 1979 മുതൽ നാടാർ വിഭാഗത്തിലെ പെൺകുട്ടികൾക്ക് കൂടി ബാധകമാക്കി. മുസ്ലീം/നാടാർ വിഭാഗത്തിലെ പെൺകുട്ടികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പ് 19-8-2005 സ.ഉ. (കൈ.) 33/2005 പ.ജ.പ.വ.വി.വ. നമ്പർ പ്രകാരം പിന്നോക്ക വിഭാഗത്തിൽപ്പെട്ട 17 വിഭാഗങ്ങൾക്ക് കൂടി സ്കോളർഷിപ്പ് അനുവദിച്ച് സർക്കാർ ഉത്തരവായി. 6-2-2006-ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 12/2006/പ.ജ.പ.വ.വി.വ. പ്രകാരം എല്ലാ പിന്നോക്ക വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുന്നോക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കും കൂടി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 11-9-2006-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 228/2006/പൊ.വി. പ്രകാരം സ്കോളർഷിപ്പ് തുകയും വരുമാനപരിധിയും 2006-07 വർഷം മുതൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വരുമാനപരിധി 18,000 രൂപയിൽനിന്ന് 25,000 രൂപയായും സ്കോളർഷിപ്പ് തുക യു.പി. വിഭാഗം 75 രൂപയിൽനിന്ന്

125 രൂപയായും ഹൈസ്കൂൾ വിഭാഗം 100 രൂപയിൽനിന്ന് 150 രൂപയായും വർദ്ധിപ്പിച്ചു. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ മുഖേന എല്ലാ പ്രഥമാദ്ധ്യാപകർക്കും കൈമാറുകയും അവ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. നേരത്തേ ചില ജില്ലകളിൽ ഫണ്ടിന്റെ ദൗർലഭ്യം കാരണം സ്കോളർഷിപ്പ് വിതരണത്തിന് കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഇപ്പോൾ അത്തരം പ്രശ്നങ്ങൾ നിലവിലില്ല.

ആലപ്പുഴ റവന്യൂ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽവരുന്ന വിദ്യാലയങ്ങളിൽ മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട കൂടുതൽ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് തുക ലഭിച്ചിട്ടില്ല എന്ന പരാതിയൊന്നുംതന്നെ കിട്ടിയിട്ടില്ല എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുണ്ട്.

എന്നാൽ ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽ ശ്രീമഞ്ജു വീട്ടിൽ കേശവൻ ഉത്തമൻ സമർപ്പിച്ചിരിക്കുന്ന ഹർജി ഒരു പൊതു പരാതിയായി കണക്കിലെടുത്ത് 14 റവന്യൂ ജില്ലകളിൽനിന്നും റിപ്പോർട്ട് ശേഖരിക്കുകയുണ്ടായി. ഒരു ജില്ലയിലും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിഭാഗങ്ങൾക്ക് സ്കോളർഷിപ്പ് തുക കിട്ടിയിട്ടില്ല എന്ന പരാതി ലഭിച്ചിട്ടില്ലെന്നും പിന്നോക്ക വിഭാഗത്തിലെ അർഹരായ പെൺകുട്ടികൾക്ക് ഗവൺമെന്റ് ഉത്തരവ് പ്രകാരം സ്കോളർഷിപ്പ് വിതരണം നടത്തുന്നുണ്ട് എന്നും 14 റവന്യൂ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അദാലത്ത് നടത്തിയും പത്രറിപ്പോർട്ട് ചെയ്തും തുക കൈപ്പറ്റാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക ലഭ്യമാക്കുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട് ".

പ്രസ്തുത റിപ്പോർട്ട് 20-9-2010-ലെ സമിതിയോഗം അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

2. ക്രീമിലെയർ എന്ന അനീതി അവസാനിപ്പിക്കുന്നതിനുവേണ്ടി സെക്യുലാർ നാഷണൽ ദ്രാവിഡ പാർട്ടി (എസ്.എൻ.ഡി.പി.) സമർപ്പിച്ച നിവേദനം സംബന്ധിച്ച്

(ഫയൽ നമ്പർ 564/ബി.സി.സി1/08/നി.സെ.)

ജാതി സംവരണം ആനുപാതിക പ്രാതിനിധ്യത്തിലധിഷ്ഠിതമാക്കി 75% ആക്കി ഉയർത്തണം; ക്രീമിലെയർ വ്യവസ്ഥ എടുത്തുകളയണം, ക്രീമിലെയർ വരുമാനപരിധി അഞ്ച് ലക്ഷമാക്കി ഉയർത്തണം; സർട്ടിഫിക്കറ്റിന്റെ കാലാവധി ചുരുങ്ങിയത് അഞ്ച് വർഷമാക്കണം; വരുമാനപരിധി കണക്കാക്കുമ്പോൾ മാതാപിതാക്കളുടെ മാത്രം വരുമാനം

പരിഗണിക്കണം; പെൻഷൻ, അലവൻസുകൾ എന്നിവ പരിഗണിക്കരുത് എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സമർപ്പിച്ച ഹർജിയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് 5-1-2010-ലെ 7438/എഫ്3/08/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമായിരുന്നു:

"1. ജാതി സംവരണം പാലിച്ചുകൊണ്ടാണ് പി.എസ്.സി. നിയമനങ്ങൾ നിലവിൽ നടത്തുന്നത്.

2. സ.ഉ. (അച്ചടി) നമ്പർ 81/09/പ.ജ.പ.വ.വി.വ. തീയതി 26-9-2009 പ്രകാരം ക്രീമിലെയർ നിശ്ചയിക്കുന്നതിനുള്ള വരുമാനപരിധി 4.5 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

3. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് തയ്യാറാക്കിയ അപേക്ഷാഫോറമാണ് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷനും ഇതേ അപേക്ഷാ മാതൃകയാണ് അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ ഈ മാതൃക മാറ്റുന്നത് പ്രായോഗികമല്ല.

4. ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ കാലാവധി ഒരു വർഷമായി നിശ്ചയിച്ചുകൊണ്ട് 25-7-2008-ലെ സ.ഉ. (കൈ.) 81/08/പ.ജ.പ.വ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ മാറ്റം വരുത്തുവാൻ തത്കാലം നിർവ്വാഹമില്ല.

5. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഓഫീസർമാരുടെ പട്ടിക 26-9-2009-ലെ G.O. (P) No. 81/09/SCSTDD ഉത്തരവിലെ 12-ാം ഖണ്ഡികയിൽ കൊടുത്തിട്ടുണ്ട്. എം.എൽ.എ.മാർക്കും ഗസറ്റഡ് ഉദ്യോഗസ്ഥർക്കും സർട്ടിഫിക്കറ്റ് നൽകാൻ അധികാരം നൽകുന്നത് പ്രായോഗികമല്ല.

6. നിലവിൽ ഉദ്യോഗാർത്ഥികളുടെ മാതാപിതാക്കളുടെ സ്റ്റാറ്റസ്/വരുമാനമാണ് ക്രീമിലെയർ കണക്കാക്കുന്നതിന് പരിഗണിക്കാറുള്ളത്''.

പ്രസ്തുത റിപ്പോർട്ട് 8-6-2010-ലെ സമിതിയോഗം അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

3. സാംസ്കാരികകാര്യ വകുപ്പിൻകീഴിൽ വരുന്ന കേരള സംഗീത നാടക അക്കാദമി— തൃശ്ശൂരിലെ ജീവനക്കാരുടെ പിന്നോക്കസമുദായ പ്രാതിനിധ്യം സംബന്ധിച്ച്

(ഫയൽ നമ്പർ 6173/ബി.സി.സി1/08/നി.സെ.)

സാംസ്കാരികകാര്യ വകുപ്പിൻകീഴിൽ വരുന്ന കേരള സംഗീത നാടക അക്കാദമിയിലെ ജീവനക്കാരുടെ പിന്നോക്കസമുദായ പ്രാതിനിധ്യം സംബന്ധിച്ച് സാംസ്കാരികകാര്യ (സി) വകുപ്പിൽനിന്നും 7-11-2008-ലെ 1575/സി3/06/സി.എ.ഡി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് 29-9-2009-ലെ സമിതി യോഗം

പരിഗണിക്കുകയും പ്രസ്തുത സ്ഥാപനം സന്ദർശിച്ച് തെളിവെടുപ്പ് നടത്തുവാൻ തീരുമാനിക്കുകയുണ്ടായി.

പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് 20-5-2010-ന് തെളിവെടുപ്പ് നടത്തുകയും കേരള സംഗീത നാടക അക്കാദമിയിലെ നിയമനങ്ങളിലെ പിന്നോക്കസമുദായ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തുകയും തുടർന്ന് 2010 ജൂലൈ മാസം 28-ാം തീയതി ഇതു സംബന്ധിച്ച് സഭയിൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ടി റിപ്പോർട്ടിന്മേലുള്ള തുടർ നടപടി 3477/ബി.സി.സി3/2010/നി.സെ. ഫയലിൽ സ്വീകരിച്ചുവരുന്നു.

4. കേരള കലാമണ്ഡലത്തിലെ (സാംസ്കാരികകാര്യ വകുപ്പ്) ജീവനക്കാരുടെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച്

(ഫയൽ നമ്പർ 6169/ബി.സി.സി1/08/നി.സെ.)

സാംസ്കാരികകാര്യ വകുപ്പിന് കീഴിൽവരുന്ന കേരള കലാമണ്ഡലത്തിലെ ജീവനക്കാരുടെ പിന്നോക്കസമുദായ പ്രാതിനിധ്യം സംബന്ധിച്ച് സാംസ്കാരികകാര്യ (സി) വകുപ്പിൽനിന്നും 7-11-2008-ലെ 1575/സി3/06/സി.എ.ഡി. നമ്പർ പ്രകാരം ലഭിച്ച സ്റ്റേറ്റ്മെന്റ് :

29-9-2009-ലെ സമിതിയോഗം പരിഗണിക്കുകയും കേരള കലാമണ്ഡലം സന്ദർശിച്ച് തെളിവെടുപ്പ് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. കലാമണ്ഡലത്തിലെ നിയമനങ്ങളിലെ പിന്നോക്കസമുദായ പ്രാതിനിധ്യം സംബന്ധിച്ച് സമിതി നടത്തിയ പഠനത്തിന്റെയും 20-5-2010-ലെ തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ 2010 ജൂലൈ മാസം 28-ാം തീയതി സഭയിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പിന്നോക്കസമുദായ ക്ഷേമ സമിതി (2009-11)-യുടെ ഏഴാമത് റിപ്പോർട്ടായ പ്രസ്തുത റിപ്പോർട്ടിന്മേൽ 3477/ബി.സി.സി3/2010/നി.സെ. നമ്പർ ഫയലിൽ നടപടികൾ തുടരുന്നു.

5. ഹിന്ദു നാടാർ സമുദായത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വൈകുണ്ഠ സ്വാമി ധർമ്മ പ്രചരണ സഭ (വി.എസ്.ഡി.പി.) സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. കെ. കെ. അജയലാൽ, തിരുവനന്തപുരം സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 2454/ബി.സി.സി1/09/നി.സെ.)

പ്രസ്തുത ഹർജിയിൽ ചുവടെ ചേർത്തിരിക്കുന്ന ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്:

1. ഔദ്യോഗികതലത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ 10% സംവരണം അനുവദിക്കുക.

2. ഭരണപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മന്ത്രിസഭയിൽ ഈ സമുദായത്തിന് അർഹമായ പ്രാതിനിധ്യം നൽകുക.

3. പി.എസ്.സി.യിൽ മിനിമം രണ്ടുപേർക്കെങ്കിലും പ്രാതിനിധ്യം നൽകുക.

4. പ്രസ്തുത സമുദായത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയമായ ഉന്നമനത്തിന് ഈ സമുദായത്തിൽപ്പെട്ടവർക്ക് ആവശ്യമായ പദവികൾ നൽകി അതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുക.

27-5-2009-ൽ തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ലഭിച്ച പ്രസ്തുത പരാതി സമിതി യോഗം പരിഗണിക്കുകയും സർക്കാരിൽ നിന്ന് റിപ്പോർട്ടാവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജിയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 17-11-2011-ലെ 22023/എഫ്3/11/പ.ജ.പ.വ.വി.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"മതപരിഗണന കൂടാതെ സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള സംവരണം, 10% ഉദ്യോഗസംവരണം എന്നീ ആവശ്യങ്ങൾ കേന്ദ്ര സർക്കാർ നടത്തുവാൻ ഉദ്ദേശിക്കുന്ന സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ്സിന്റെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ. നാടാർ സമുദായംഗങ്ങൾക്ക് മന്ത്രിസഭയിലും പി.എസ്.സി.യിലും പ്രാതിനിധ്യം നൽകുന്ന വിഷയം നിലവിലുള്ള സാമുദായിക പ്രാതിനിധ്യ സംവരണ ചട്ടങ്ങളുടെ പരിധിയിൽവരുന്ന വിഷയമല്ല".

പ്രസ്തുത റിപ്പോർട്ട് 8-8-2012-ലെ സമിതിയോഗം അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

6. പട്ടികജാതിക്കാർക്ക് നൽകുന്നതുപോലെ എല്ലാ മുസ്ലീം വിദ്യാർത്ഥിനികൾക്കും ഉന്നതവിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് 'മെക്ക' കോട്ടയം ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 6246/ബി.സി.സി1/08/നി.സെ.)

ഉന്നതവിദ്യാഭ്യാസത്തിന് പോകുന്ന മുസ്ലീം വിദ്യാർത്ഥിനികൾക്ക് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സ്കോളർഷിപ്പുകളുടെ എണ്ണം പരിമിതമായതിനാൽ ഈ വിഭാഗത്തിലുള്ള എല്ലാ വിദ്യാർത്ഥിനികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന നിശ്ചിത എണ്ണം എന്ന പരിധി എടുത്തുകളഞ്ഞ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉള്ളതുപോലെ എല്ലാ വിദ്യാർത്ഥിനികൾക്കും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ പൊതുഭരണ വകുപ്പ് 4-8-2009-ലെ 38188/എം.സി1/09/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമായിരുന്നു:

"ഇന്ത്യൻ മുസ്ലീങ്ങളുടെ വിദ്യാഭ്യാസ-സാമൂഹിക സാമ്പത്തിക മേഖലകളിലെ അവസ്ഥ സംബന്ധിച്ച് പഠനം നടത്തി അവരുടെ നിലവിലുള്ള പിന്നോക്കാവസ്ഥ

പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് ജസ്റ്റിസ് സച്ചാർ കമ്മിറ്റി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിലെ നിർദ്ദേശങ്ങൾ കേരളത്തിൽ നടപ്പാക്കുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റി കേരള സർക്കാരിന് മറ്റൊരു റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളനുസരിച്ച് കേരളത്തിലെ മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ സംസ്ഥാന സർക്കാർ ഏർപ്പെടുത്തുകയുണ്ടായി.

മുസ്ലീം പെൺകുട്ടികൾക്ക് ഏർപ്പെടുത്തിയ 5000 സ്കോളർഷിപ്പിൽ 3000 എണ്ണം ഡിഗ്രിക്കാർക്കും 1000 എണ്ണം പോസ്റ്റ്ഗ്രാഡ്വേറ്റ് ഡിഗ്രിക്കാർക്കും 1000 എണ്ണം പ്രൊഫഷണൽ കോഴ്സുകാർക്കുമായാണ് നിജപ്പെടുത്തിയിരിക്കുന്നത്. യോഗ്യതാ പരീക്ഷയ്ക്ക് 50% മാർക്ക് ലഭിച്ചവർക്കും കുടുംബ വാർഷിക വരുമാനം 2½ ലക്ഷം രൂപയിൽ താഴെയുള്ളവർക്കുമാണ് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷത്തെയും പരീക്ഷയ്ക്ക് നിശ്ചിത മാർക്ക് ലഭിക്കുന്നവർക്കുമാത്രമാണ് തൊട്ടടുത്ത വർഷത്തേക്കുള്ള സ്കോളർഷിപ്പ് പുതുക്കി നൽകുന്നത്. ടി സ്കോളർഷിപ്പ് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് മാത്രമാണ് നൽകാൻ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ ചില സംഘടനകളുടെ അഭ്യർത്ഥനയെത്തുടർന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന മെരിറ്റ് ലിസ്റ്റ് പ്രകാരം ശിപാർശ ചെയ്യപ്പെട്ട് സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയ മുസ്ലീം പെൺകുട്ടികളെയും കൂടി ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും പഠിക്കാൻ മിടുക്കരുമായ മുസ്ലീം പെൺകുട്ടികളെ ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഇത് മെരിറ്റ്-കം-മീൻസ് അടിസ്ഥാനത്തിൽ നൽകുന്ന സ്കോളർഷിപ്പ് ആയതിനാൽ മുസ്ലീം വിഭാഗത്തിലുള്ള എല്ലാ വിദ്യാർത്ഥിനികൾക്കും ഈ സ്കോളർഷിപ്പ് നൽകുന്നത് പ്രായോഗികമല്ല. എന്നാൽ അർഹരായ വിദ്യാർത്ഥിനികളുടെ എണ്ണം കൂടുതലായി വരികയാണെങ്കിൽ സംസ്ഥാന സർക്കാർ മുസ്ലീം പെൺകുട്ടികൾക്ക് ഏർപ്പെടുത്തിയ സ്കോളർഷിപ്പിന്റെ മാനദണ്ഡമനുസരിച്ച് യോഗ്യതയുള്ള എല്ലാ മുസ്ലീം പെൺകുട്ടികൾക്കും സ്കോളർഷിപ്പ് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന വിവരം ബഹു. പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു".

പ്രസ്തുത മറുപടി 25-8-2009-ലെ സമിതി പരിഗണിക്കുകയും പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പ് സെക്രട്ടറിമാരിൽനിന്ന് തെളിവെടുക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസത്തിനായി മുസ്ലീം പെൺകുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ എണ്ണം നിലവിലുള്ളതിന്റെ ഇരട്ടിയാക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാൻ 3-8-2010-ന് ചേർന്ന സമിതി യോഗം തീരുമാനിക്കുകയും സർക്കാർ റിപ്പോർട്ടിന്റെ പ്രസക്തഭാഗം ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ച് ഫയൽ

നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

ഉന്നതവിദ്യാഭ്യാസത്തിനായി മുസ്ലീം പെൺകുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ എണ്ണം നിലവിലുള്ളതിന്റെ ഇരട്ടിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം കല്ലടി അബ്ദുഹാജി ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ പിന്നോക്കസമുദായ ക്ഷേമ സമിതി (2009-2011) മുമ്പാകെ സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നമ്പർ 4764/ബി.സി.സി1/10/നി.സെ.)

കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിൽ കല്ലടി അബ്ദുഹാജി വിദ്യാഭ്യാസ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കല്ലടി അബ്ദുഹാജി ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന അടിസ്ഥാന സൗകര്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നതാണ് ഹർജിയിലെ പ്രധാന ആവശ്യം. ഹർജി 15-9-2010-ലെ സമിതിയോഗം പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 31-5-2011-ലെ 18477/ഡി1/11/പൊ.വി. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് IDMI (ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഇൻ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ്) എന്ന കേന്ദ്ര പദ്ധതി പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം 2009-10 വർഷത്തേക്കുള്ള ധനസഹായം ലഭിക്കുന്നതിന് സംസ്ഥാന ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകൾ കമ്മിറ്റി പരിശോധിച്ചശേഷം യോഗ്യമായ അപേക്ഷകൾ ഗ്രാന്റ്-ഇൻ-എയ്ഡിന് ശിപാർശ ചെയ്തു കൊണ്ട് പദ്ധതിയുടെ കേന്ദ്ര ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റി ധനസഹായത്തിനർഹമെന്ന് ശിപാർശ ചെയ്ത സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയിൽ പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം കല്ലടി അബ്ദുഹാജി ഹൈസ്കൂളിന്റെ പേരും ഉൾപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് കേന്ദ്ര സർക്കാർ പ്രസ്തുത സ്കൂളിന് 37.50 ലക്ഷം രൂപ (അംഗീകരിക്കപ്പെട്ട തുകയായ 50 ലക്ഷം രൂപയുടെ 75%) അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിക്കുകയും ചെയ്തു. തുടർന്ന് അംഗീകരിക്കപ്പെട്ട പ്രകാരം ടി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രസ്തുത തുക ഉപയോഗിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക്

സംസ്ഥാന സർക്കാർ ഭരണാനുമതിയും നൽകിക്കഴിഞ്ഞു".

പ്രസ്തുത റിപ്പോർട്ട് 11-1-2012-ലെ സമിതിയോഗം പരിഗണിച്ച് അംഗീകരിച്ചു. സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

8. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എം. മുരുകേശൻ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 3105/ബി.സി.സി1/10/നി.സെ.)

പട്ടികജാതി കുറവൻ സമുദായത്തിൽപ്പെട്ട ഹർജിക്കാരൻ 1992-ൽ പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും ഒരു ഒഴിവിലേക്കും പരിഗണിച്ചിട്ടില്ലായെന്നും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഹർജിക്കാരന് ഒരു സ്ഥിരം ജോലി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് 23-6-2010-ൽ സമർപ്പിച്ച ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ തൊഴിലും പുനരധിവാസവും വകുപ്പ് 13-9-2011-ലെ 416/ജി2/11/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"പാലക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2011-13 വർഷത്തേക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്ലാസ്സ് ഫോർ വിഭാഗത്തിൽ ശ്രീ. എം. മുരുകേശന്റെ പേര് 727 ക്രമനമ്പരായി ഉൾപ്പെട്ടിട്ടുണ്ട്. ക്ലാസ്സ് ഫോർ വിഭാഗത്തിൽ (സംവരണേതര) പാലക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഇതുവരെ 30-6-1986 വരെയുള്ള ഉദ്യോഗാർത്ഥികളെയാണ് പരിഗണിച്ചത്. പാർട്ട്-ടൈം സ്വീപ്പർ ഒഴിവിലേക്ക് ഓപ്പൺ വിഭാഗത്തിൽ അവസാനം പരിഗണിച്ച സീനിയോറിറ്റി 17-7-1978-ഉം ടിയാൻ ഉൾപ്പെടുന്ന സംവരണ വിഭാഗത്തിൽ 19-2-1979-ഉം ആണ്. ശ്രീ. മുരുകേശന്റെ സീനിയോറിറ്റി 9-6-1992 ആണ്. പ്രസ്തുത സീനിയോറിറ്റിയിലുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ വയസ്സ്, വിദ്യാഭ്യാസയോഗ്യത, ജാതി എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമപ്രകാരം അറിയിക്കപ്പെടുന്ന ഒഴിവുകൾക്ക് ശ്രീ. മുരുകേശനെയും പരിഗണിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു".

പ്രസ്തുത റിപ്പോർട്ട് 30-5-2012-ലെ സമിതിയോഗം അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

9. സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ കേസ് തീർപ്പാക്കുന്നതിന് ശിപാർശ ചെയ്യണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ നിന്നും നാടാർ സമുദായംഗമായ ജോസ്, എൽ. സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 41/ബി.സി.സി1/09/നി.സെ.)

നാടാർ വിഭാഗത്തിൽപ്പെട്ട (SIUC) തൊഴിൽരഹിതനായ ഹർജിക്കാരൻ കോഴിക്കോട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (വിവിധം) 7-5-2003-ൽ നിലവിൽ

വന്ന റാങ്ക് ലിസ്റ്റിൽ നാടാർ വിഭാഗം ഉപപട്ടികയിൽ 26-ാം റാങ്കുകാരനായിരുന്നു. സിവിൽ അപ്പീൽ നമ്പർ 3361/2002 നമ്പർ സുപ്രീം കോടതി ഉത്തരവിലൂടെ ഒരു ശതമാനം സംവരണം പുനഃസ്ഥാപിച്ചപ്പോൾ ടി ആനുകൂല്യം ലഭിക്കുന്നതിനായി ടിയാൾ ഹൈക്കോടതി ലീഗൽ സർവ്വീസുമായി ബന്ധപ്പെട്ടതിൻപ്രകാരം, ഒരു വക്കീലിന്റെ സൗജന്യസേവനാർത്ഥം WP(C)35036/05 നമ്പർ കേസ് ഫയൽ ചെയ്യുകയും 7-4-2006-ൽ ജഡ്ജി ഇടക്കാല ഉത്തരവ് നൽകുകയും ചെയ്തതായി ടി ഹർജിയിൽ സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ഒരു വർഷത്തിനുശേഷവും ടി ഉത്തരവ് നടപ്പാക്കാത്തതിനാൽ ടിയാൻ കോടതിഅലക്ഷ്യ ഹർജി ഫയൽ ചെയ്യുകയും എന്നാൽ കേസ് ബഞ്ചിൽ പരിഗണനയ്ക്കുവന്നപ്പോൾ 3-6-2003-ൽ ടിയാളെ റാങ്ക് ലിസ്റ്റിൽനിന്ന് നീക്കം ചെയ്തു എന്ന പി.എസ്.സി.യുടെ വക്കീലിന്റെ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കോടതിഅലക്ഷ്യ ഹർജി ക്ലോസ് ചെയ്യുകയും ചെയ്തതായി ഹർജിയിൽ പറഞ്ഞിരിക്കുന്നു.

3-6-2003-ൽ ടി റാങ്ക് ലിസ്റ്റിൽനിന്നും ഹർജിക്കാരനെ നീക്കം ചെയ്തുകൊണ്ടുള്ള നോട്ടീസ് നൽകുകയോ തിരുത്തൽ വിജ്ഞാപനം ഗസറ്റിലോ വെബ്സൈറ്റിലോ ബുള്ളറ്റിനിലോ നൽകാത്ത സാഹചര്യത്തിൽ തിരുത്തൽ വിജ്ഞാപനത്തിന്റെ പകർപ്പ് ആവശ്യപ്പെട്ട് സംസ്ഥാന വിവരാവകാശ നിയമപ്രകാരം പി.എസ്.സി.യിൽ അപേക്ഷ സമർപ്പിച്ചിട്ടും ലഭിക്കാത്ത സാഹചര്യത്തിൽ, സംസ്ഥാന വിവരാവകാശ കമ്മീഷനിൽ അപ്പീൽ സമർപ്പിക്കുകയും പതിനൊന്ന് മാസക്കാലയളവിനുള്ളിൽ 18-6-2008-ൽ ഹിയറിംഗിന് വിളിച്ചിരുന്നുവെങ്കിലും എതിർകക്ഷി ഹാജരാകാത്ത സാഹചര്യത്തിൽ കേസ് മാറ്റിവയ്ക്കുകയുമുണ്ടായി. 2008 ഡിസംബർ മാസം വരെ ഹിയറിംഗിന് വിളിച്ചിരുന്നില്ലെന്നും വിവരാവകാശ കമ്മീഷനുമായി ബന്ധപ്പെട്ടപ്പോൾ ടി കേസ് ഫുൾ കമ്മീഷന്റെ പരിഗണനയിലാണ് എന്ന മറുപടിയാണ് ലഭിച്ചതെന്നും ഹർജിയിൽ സൂചിപ്പിച്ചിരിക്കുന്നു.

നാടാർ ജാതി സംവരണ കേസുമായി ബന്ധപ്പെട്ട് പിന്നോക്കവിഭാഗ കമ്മീഷൻ റിപ്പോർട്ട് ഒരു മാസത്തിനകം സർക്കാരിന് സമർപ്പിക്കും എന്നറിയുന്നതിന്റെ പശ്ചാത്തലത്തിൽ ടിയാളുടെ കേസിൽ തിരുത്തൽ വിജ്ഞാപനത്തിന്റെ പകർപ്പ് ഹാജരാക്കി സത്യാവസ്ഥ ബോധിപ്പിക്കേണ്ടതുണ്ട് എന്ന ആവശ്യകത മുൻനിറുത്തി പ്രായപരിധി കഴിഞ്ഞ സാഹചര്യത്തിൽ വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ കേസ് തീർപ്പാക്കുന്നതിനുവേണ്ട ശിപാർശ ചെയ്യണമെന്നായിരുന്നു ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജി പരിഗണിച്ച സമിതി ഗസറ്റ് വിജ്ഞാപനമോ തിരുത്തൽ വിജ്ഞാപനമോ ഇല്ലാതെ പരാതിക്കാരുടെ പേര് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നീക്കം ചെയ്തതിനെ സംബന്ധിച്ചും അതിന്റെ കോപ്പി ലഭ്യമാക്കാത്തതിനെ സംബന്ധിച്ചും

ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുവാനും പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകാത്തതിന്റെ കാരണം വിവരാവകാശ കമ്മീഷനിൽനിന്നും ആരായുവാനും നിർദ്ദേശിക്കുകയും ചെയ്തു.

13-3-2009-ലെ 2460/SIC-Gen.1/2009 നമ്പർ കത്ത് പ്രകാരം സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറിയിൽനിന്നും ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു:

17/2015 ഹർജിക്കാധാരമായ അപ്പീൽ കമ്മീഷൻ പരിശോധിക്കുകയും എതിർകക്ഷിയായ കെ.പി.എസ്.സി.യുടെ നിർദ്ദേശം ആവശ്യമാണെന്ന കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ നിയമാവകാശം പരിശോധിക്കുവാനായി ഫുൾ കമ്മീഷന്റെ പരിഗണനയിലിരിക്കുകയായിരുന്നുവെന്നും ടി അപ്പീൽ 18-3-2009-ന് തെളിവെടുപ്പിനായി വച്ചിരിക്കുകയാണ്" .

പ്രസ്തുത മറുപടി 5-5-2009-ലെ സമിതിയോഗം പരിഗണിക്കുകയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽനിന്നും ഹർജിയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് 3-3-2010-ലെ 4147/ അഡ്വൈസ്-3/09/പി.&എ.ആർ.ഡി. കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"കോഴിക്കോട് ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സിന്റെ (വിവിധം) 7-5-2003-ൽ നിലവിൽവന്ന പി.എസ്.സി. സപ്ലിമെന്ററി ലിസ്റ്റിലെ 26-ാം റാങ്കുകാരനായിരുന്ന ശ്രീ. എൽ. ജോസ് നിയമനങ്ങളിൽ നാടാർ വിഭാഗങ്ങൾക്കുള്ള സംവരണവുമായി ബന്ധപ്പെട്ട ഒ.പി.നമ്പർ 7870/88-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 28-8-2000-ലെ വിധിന്യായത്തിന്റെയും തുടർന്നുള്ള 3-4-2003-ലെ സ.ഉ. (കൈ) 37/03/ പ.ജ.പ.വ.വി.വ.യുടെയും അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുകയുണ്ടായി:

മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട എസ്.ഐ.യു.സി. നാടാർ ഉദ്യോഗാർത്ഥികൾക്ക് ഒ.ബി.സി. വിഭാഗത്തിനുള്ള സംവരണാനുകൂല്യവും ഹിന്ദു നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നാടാർ വിഭാഗത്തിനുള്ള സംവരണാനുകൂല്യവും നൽകുകയുണ്ടായി. സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ അപ്രകാരംതന്നെ നിലനിർത്തുകയും സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന S.I.U.C. നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ ഒ.ബി.സി. സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടാൻ വേണ്ടിയിരുന്ന മിനിമം മാർക്കും അതിൽ കൂടുതലും ലഭിച്ചവരെ ഒ.ബി.സി. സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും പ്രസ്തുത മിനിമം മാർക്കിൽ കുറവ് മാർക്ക് ലഭിച്ച S.I.U.C. നാടാർ ഉദ്യോഗാർത്ഥികളെ പ്രസ്തുത സപ്ലിമെന്ററി ലിസ്റ്റിൽനിന്നും നീക്കം ചെയ്യുകയും ചെയ്തു. ഈ ഭേദഗതികൾ 3-6-2003-ലെ തിരുത്തൽ വിജ്ഞാപനം DSSI(3) 2632/02 പ്രകാരമാണ് നടപ്പിൽവരുത്തിയത്. ഒ.ബി.സി. സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടാനുള്ള മിനിമം മാർക്ക് ഇല്ലാതിരുന്നതിനാൽ ശ്രീ. എൽ. ജോസിനെ ടി ലിസ്റ്റിൽ

നിന്നും ഒഴിവാക്കുകയുണ്ടായി. ഇപ്രകാരം പി.എസ്.സി. പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിരുന്ന മറ്റ് 19 S.I.U.C. നാടാർ ഉദ്യോഗാർത്ഥികളെയും മേൽപ്പറഞ്ഞ തിരുത്തൽ വിജ്ഞാപനപ്രകാരം ഒഴിവാക്കിയിട്ടുണ്ടായിരുന്നു.

ഹൈക്കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 3361/02-ന്റെ വിധിന്യായത്തിന്മേൽ സുപ്രീം കോടതിയുടെ 24-2-2005-ലെ ഇടക്കാല ഉത്തരവിൽ S.I.U.C. നാടാർക്ക് ആംഗ്ലോ ഇൻഡ്യൻ സമുദായത്തോടൊപ്പം 1% റിസർവ്വേഷനും ഹിന്ദു നാടാർ ഒ.ബി.സി.യിൽ മറ്റ് സമുദായങ്ങളോടൊപ്പം 10% റിസർവ്വേഷനും നൽകിക്കൊണ്ട് ഉത്തരവായി. ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി പി.എസ്.സി. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വേണ്ടി താഴെ പറയും പ്രകാരം റൊട്ടേഷൻ ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി:

ഹിന്ദു നാടാർ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ ഒ.ബി.സി. വിഭാഗത്തിൽ 1% കൂടുതൽ സംവരണം നൽകി ഉൾപ്പെടുത്തി. ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തെ ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽ നിന്നും വേർപെടുത്തി എസ്.ഐ.യു.സി. ആയി പരിവർത്തനം ചെയ്യപ്പെട്ട നാടാർ വിഭാഗത്തോടൊപ്പം ചേർത്ത് 1% സംവരണം നൽകി. 38 N ഊഴം എസ്.ഐ.യു.സി./ ആംഗ്ലോ ഇൻഡ്യനും 60N, 80N എന്നീ ഊഴങ്ങൾ ഒ.ബി.സി.ക്കും അനുവദിക്കുകയുണ്ടായി. 19-4-2005-ന് ശേഷം പ്രസിദ്ധീകരിക്കുന്ന എല്ലാ ചുരുക്കപ്പട്ടികകൾക്കും റാങ്ക് ലിസ്റ്റുകൾക്കും പ്രസ്തുത പരിഷ്കരണം ബാധകമാക്കാൻ പി.എസ്.സി. തീരുമാനിക്കുകയുണ്ടായി.

24-2-2005-ലെ ബഹു. സുപ്രീം കോടതിയുടെ വിധിക്ക് വളരെമുമ്പ് 7-5-2003-ലെ ലിസ്റ്റിൽ ഉൾപ്പെടുകയും 3-6-2003-ലെ തിരുത്തൽ വിജ്ഞാപന പ്രകാരം ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്ത ശ്രീ. എൽ. ജോസിന്റെ കേസ് 24-2-2005-ലെ ബഹു. സുപ്രീം കോടതിയുടെ വിധിയിലും തുടർന്നുള്ള പി.എസ്.സി.യുടെ സംവരണ പരിഷ്കരണ രീതിയിലും ഉൾപ്പെടുകയില്ല. പിന്നോക്ക വിഭാഗ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ തീരുമാനമെടുക്കുന്നതുവരെ താൽക്കാലികമായി 12-4-2005-ലെ ഉത്തരവ് നടപ്പാക്കുവാൻ ബഹു. സുപ്രീം കോടതി നിർദ്ദേശം നൽകുകയും W.P.(C)35036/05 മേൽ ബഹു. കോടതിയുടെ 7-4-2006-ലെ ഉത്തരവിൽ, മേൽക്കോടതിയുടെ 2-3-2006-ലെ വിധി നടപ്പാക്കൽ വേഗത്തിലാക്കാൻ നിർദ്ദേശിച്ചതല്ലാതെ ശ്രീ. എൽ. ജോസിനെ ശിപാർശ ചെയ്യാൻ പ്രത്യേകമായി നിർദ്ദേശിക്കുകയുണ്ടായില്ല. ഇതു തന്നെയായിരുന്നു സിവിൽ അപ്പീൽ 3361, 3362 എന്നിവയിലേയും അന്തിമവിധി.

ഇക്കാരണങ്ങളാൽ ശരിയായ വിജ്ഞാപനം പുറപ്പെടുവിക്കാതെ തന്റെ പേര് ലിസ്റ്റിൽ നിന്നും നീക്കം ചെയ്തു എന്നുള്ള പരാതിക്കാരന്റെ ആക്ഷേപം ശരിയല്ലെന്നും ശ്രീ. എൽ. ജോസിന്റെ കേസിൽ നിയമപരമല്ലാതെ ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ലാ യെന്നും പി.എസ്.സി. റിപ്പോർട്ട് ചെയ്തിരിക്കുന്നു. 17-11-2007-ൽ പി.എസ്.സി.യുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പരാതിക്കാരന് തിരുത്തൽ വിജ്ഞാപനം സംബന്ധിച്ച് മറുപടി നൽകിയിരുന്നു. ടിയാൻ അതിൽ തൃപ്തനാകാതെ പി.എസ്.സി.യുടെ അപ്പീൽ അധികാരിക്ക് അപ്പീൽ അപേക്ഷ നൽകുകയും പി.എസ്.സി.യുടെ അപ്പീൽ അധികാരി 2-2-2008-ൽ ആയത് തീർപ്പാക്കുകയും ചെയ്തിരുന്നു.

ശ്രീ. എൽ. ജോസിന്റെ ഒന്നാമത്തെ ആവശ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതല്ലായെന്നും രണ്ടാമത്തെ ആവശ്യത്തിന്മേൽ വിവരങ്ങൾ ലഭ്യമായെന്നും അതിൽ തൃപ്തനാണെന്നും ടിയാൻ കമ്മീഷനെ വാക്കാൽ അറിയിക്കുകയുണ്ടായെന്നും സംസ്ഥാന വിവരാവകാശ കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ നിരീക്ഷണങ്ങളോടെ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ഫയൽ ചെയ്ത അപ്പീൽ അപേക്ഷ തീർപ്പാക്കി".

പ്രസ്തുത മറുപടി 3-8-2010-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

10. പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ പുനഃക്രമീകരിച്ച് ഹിന്ദു നാടാർ വിഭാഗത്തിന് സംവരണം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. മോഹൻകുമാർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 5609/ബി.സി.സി.1/09/നി.സെ.)

ഹിന്ദു നാടാർ സമുദായത്തിന് 2005 മുതൽ ലഭിക്കാതിരുന്ന 1% സംവരണം പുനഃസ്ഥാപിക്കുവാൻ ഗവൺമെന്റ് തീരുമാനമെടുത്ത സാഹചര്യത്തിൽ ഹിന്ദു നാടാർ വിഭാഗത്തിന് നഷ്ടപ്പെട്ട തസ്തികകൾ മുൻകാല പ്രാബല്യത്തോടെ തിരികെ ലഭിക്കുന്നതിനും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഒ.ബി.സി. ലിസ്റ്റിൽ വരുന്ന ഹിന്ദു നാടാർ ഉദ്യോഗാർത്ഥികളെ അതിൽനിന്നും വേർപെടുത്തി ഹിന്ദു നാടാർ സപ്ലിമെന്ററി ലിസ്റ്റ് ഉണ്ടാക്കി ലിസ്റ്റുകൾ പുനഃക്രമീകരിച്ച് അർഹമായ സംവരണം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത ഹർജി സമിതിയുടെ 24-11-2008-ലെ കണ്ണൂർ സന്ദർശനവേളയിൽ ലഭ്യമായതാണ്. ഹർജി സമിതി യോഗം പരിഗണിക്കുകയും ഹർജിയിന്മേൽ ബന്ധപ്പെട്ട വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽനിന്നും 25-11-2010-ലെ 4611/ആർ1/10/ഉ.ഭ.പ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ്:

"21-11-2009-ലെ G.O. (Ms.) 104/2009/SCSTDD നമ്പർ ഉത്തരവിന്റെയടിസ്ഥാനത്തിൽ 1958-ലെ Kerala State and Subordinate Service Rules-ന്റെ ഭാഗം ഒന്നിലെ ലിസ്റ്റ് III-നും ഭാഗം രണ്ടിലെ Annexure, ചട്ടം 17 എന്നിവയ്ക്ക് ഭേദഗതി വരുത്തിക്കൊണ്ട് 2-8-2010-ൽ G.O. (P) 24/10/P&ARD നമ്പർ ഉത്തരവ് (SRO No. 763/10) പുറപ്പെടുവിച്ചിട്ടുണ്ട്".

റിപ്പോർട്ട് 23-11-2011-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിച്ചു. സമിതി നിർദ്ദേശ പ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

11. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ജോലി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി അമ്പിളി തേവയ്ക്കൽ, എറണാകുളം സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 4771/ബി.സി.സി.1/10/നി.സെ.)

ഹിന്ദു വിശ്വകർമ്മ സമുദായത്തിൽപ്പെട്ട ഹർജിക്കാരി പ്രീ ഡിഗ്രിയും ബുക്ക് ബയന്റിംഗ് കോഴ്സും പാസാകുകയും 1995-ൽ എറണാകുളം എംപ്ലോയ്മെന്റ് എക്സേ്ചഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുകയു ചെയ്തു. ഏഴ് വയസ്സുള്ള മകളും വൃദ്ധരായ മാതാപിതാക്കളും ഉൾപ്പെടുന്ന, കുടുംബ കോടതിവഴി വിവാഹബന്ധം വേർപെടുത്തിയ ഹർജിക്കാരിക്ക് ചെലവിനുള്ള തുക നൽകാൻ കുടുംബകോടതി വിധി ഉണ്ടായിട്ടും ആയത് ലഭിക്കുന്നില്ലായെന്നും അതിനാൽ നിത്യവൃത്തിക്കുവേണ്ടി വക്കീൽ ക്ലർക്കായി ജോലി ചെയ്യുകയാണെന്നും ഹർജിയിൽ പറയുന്നു. മകളെയും വൃദ്ധരായ മാതാപിതാക്കളേയും സംരക്ഷിക്കുന്നതിനായി ഹർജിക്കാരിക്ക് ജോലി ലഭ്യമാക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. സമിതിയുടെ എറണാകുളം കളക്ടേറ്റ് യോഗത്തിലാണ് പ്രസ്തുത പരാതി ലഭിച്ചത്. ഹർജി സമിതി യോഗം പരിഗണിക്കുകയും ഹർജിയിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഹർജിയിന്മേൽ തൊഴിലും പുനരധിവാസവും (ജി) വകുപ്പിൽ നിന്ന് 13-9-2011-ലെ 4846/ജി2/11/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ്:

"W/844/95 രജിസ്റ്റർ നമ്പരിലും X001.10 തൊഴിൽ നമ്പരിലുമായി രജിസ്ട്രേഷൻ നിലവിലുള്ള ശ്രീമതി അമ്പിളി, ആർ., എസ്.എസ്.എൽ.സി. യോഗ്യതയോടെ 7-5-1995-ലാണ് പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഹിന്ദു-വിശ്വകർമ്മ സമുദായത്തിൽപ്പെടുന്ന ടിയാളുടെ ജനനതീയതി 31-5-1979 ആണ്. ശ്രീമതി അമ്പിളി ഹർജിയിൽ, ബുക്ക് ബയന്റിംഗ് യോഗ്യത നേടിയിട്ടുള്ളതായി പറയുന്നുവെങ്കിലും ആയത് സംബന്ധിച്ചുള്ള രേഖകളും ഭർത്താവ് ഉപേക്ഷിച്ചത് സംബന്ധിച്ചുള്ള രേഖകളും രജിസ്ട്രേഷനോടൊപ്പം ചേർത്തിട്ടില്ല. കൂടാതെ ക്ലാസ് 4/പാർട്ട്-ടൈം ഒഴിവുകൾക്ക് പരിഗണിക്കുന്നതിനായി പ്രത്യേകം അപേക്ഷയും സമർപ്പിച്ചിട്ടില്ല. ഇക്കാര്യങ്ങൾ ടിയാളെ നേരിട്ട് ബോധിപ്പിക്കുന്നതിനായി ഓഫീസിൽ ഹാജരാകുവാൻ എറണാകുളം ജില്ലാ എംപ്ലായ്മെന്റ് ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ടെന്നുള്ള വിവരം എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മതിയായ സീനിയോറിറ്റി ആകാത്തതിനാൽ ടിയാളെ ഒഴിവുകൾക്കൊന്നും നാമനിർദ്ദേശം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. അനുയോജ്യമായ ഒഴിവുകൾ അറിയിക്കപ്പെടുന്നതനുസരിച്ച് നിലവിലുള്ള നിയമങ്ങളുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ ശ്രീമതി അമ്പിളിയെയും ഉൾപ്പെടുത്തി ലിസ്റ്റ് നൽകുന്നതാണെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്".

പ്രസ്തുത റിപ്പോർട്ട് 30-5-2012-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

12. <u>സർവ്വീസ് സഹകരണ ബാങ്കിൽ സ്ഥിരനിയമനം നൽകണമെന്നും അപ്രൈസർ കമ്മീഷൻ തുക വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. മണികണ്ഠൻ, കെ. സി., കാസർഗോഡ് സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 59/ബി.സിസി.1/12/നി.സെ.)

കാസർഗോഡ് ജില്ലയിൽ കൊളത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ 10 വർഷത്തോളമായി അപ്രൈസറായി ജോലി ചെയ്തു വരുന്ന ഹർജിക്കാരനെ 14-6-2011-ൽ ബാങ്കിൽ നിന്നും അകാരണമായി പിരിച്ചുവിടുകയുണ്ടായി. അപ്രൈസർ കമ്മീഷൻ വർദ്ധിപ്പിക്കണമെന്നും ബാങ്കിൽ ഉണ്ടാകുന്ന അറ്റന്റർ തസ്തികയിൽ സ്ഥിരനിയമനം നൽകണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടതു കൊണ്ടുള്ള ബാങ്ക് പ്രസിഡന്റിന്റെ പ്രതികാര നടപടിയാണ് പിരിച്ചുവിടലിന് കാരണമെന്നും ഇതിനെതിരെ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരനെ പിരിച്ചുവിട്ടത് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് കണ്ടെത്തി ഹർജിക്കാരനെ ജോലിയിൽ പ്രവേശിപ്പിക്കാൻ 30-11-2011-ൽ ജോയിന്റ് രജിസ്ട്രാർ ഉത്തരവിടുകയും ചെയ്തു. എന്നാൽ ടി ഉത്തരവ് ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ലയെന്നും ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവിൽ കമ്മീഷൻ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പരാമർശമില്ലാത്തതിനാൽ ബാങ്ക് പ്രസിഡന്റ് തുക കൂട്ടി നൽകുന്നില്ലായെന്നും ആയതിനാൽ കമ്മീഷൻ തുക വർദ്ധിപ്പിക്കുന്നതിനും ബാങ്കിലെ ജോലി സ്ഥിരപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. ഹർജി സമിതി യോഗം പരിഗണിക്കുകയും ഹർജിയിന്മേൽ ബന്ധപ്പെട്ട വകുപ്പിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഹർജിയിന്മേൽ 29-9-2012-ലെ 3168/സി1/2012/സഹ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"കൊളത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പിരിച്ചുവിടപ്പെട്ട ശ്രീ. മണികണ്ഠൻ, കെ. സി.-യെ കാസർഗോഡ് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ നിർദ്ദേശപ്രകാരം 30-1-2012-ന് അപ്രൈസർ ആയി ജോലിയിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. ടിയാന് സഹകരണ സംഘം രജിസ്ട്രാരുടെ 18/98 നമ്പർ സർക്കുലർ പ്രകാരം അപ്രൈസർ ചാർജ് നൽകുന്നതിന് ജോയിന്റ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളിലെ ഗോൾഡ് അപ്രൈസർമാരുടെ പ്രതിമാസ വേതനം 3,000 രൂപയായി
4-7-2012-ലെ സ.ഉ. (സാധാ) നമ്പർ 360/2012/സഹ. പ്രകാരം സർക്കാർ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്".

പ്രസ്തുത റിപ്പോർട്ട് 22-5-2013-ലെ സമിതി യോഗം അംഗീകരിക്കുകയും സമിതി നിർദ്ദേശ പ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

13. <u>കാസർഗോഡ് ജില്ലയിൽ താത്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിച്ച വില്ലേജ്മാൻമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 128/ബി.സി.സി.1/12/ലെജി.)

കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിൽ വില്ലേജ്മാനായി താൽക്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിച്ച വില്ലേജ്മാൻമാരിൽ 40 വയസ് കഴിഞ്ഞവരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. മൂസ ബി. ചേർക്കള സമിതിയുടെ കാസർഗോഡ് കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ 24-12-2011-ൽ ചേർന്ന യോഗത്തിൽ വച്ച് നൽകിയ ഹർജിയാണിത്.

താൽക്കാലിക നിയമനങ്ങൾ സംവരണ തത്വം പാലിക്കാതെ നടത്തുന്നവയായതിനാൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ താത്പര്യത്തിന് വിരുദ്ധമായതിനാൽ ഇത്തരം ഹർജികൾ പരിഗണിക്കേണ്ടതില്ലെന്ന സമിതിയുടെ തീരുമാനം ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിച്ചു.

14. ബി.പി.എൽ. സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടും ബി.പി.എൽ. റേഷൻ കാർഡ് അനുവദിച്ച് നൽകിയില്ല എന്ന് കാണിച്ച് ശ്രീ. ടി. വി. മനോജ് കുമാർ, കണ്ണൂർ സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നമ്പർ 4505/ബി.സി.സി.1/11/നി.സെ.)

ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മനോജ് കുമാർ പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ കണ്ണൂർ ജില്ലാ സന്ദർശനവേളയിൽ സമർപ്പിച്ച ഹർജി അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർക്ക് 22-12-2011 തീയതിയിലെ കത്ത് പ്രകാരം തുടർ നടപടികൾക്കായി അയച്ചുകൊടുക്കുകയുണ്ടായി. ഇക്കാര്യം ശ്രീ. മനോജ് കുമാറിനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

15. താത്കാലിക ജോലിയിൽ നിന്നും പിരിച്ചുവിടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി അജിത, എസ്. കെ., ഇടുക്കി സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 4223/ബി.സി.സി.1/2011/ലെജി.)

ഇടുക്കി ജില്ല പിന്നോക്കവിഭാഗ കോർപ്പറേഷൻ ഓഫീസിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തോളമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുകയാണെന്നും ഇപ്പോൾ യാതൊരു കാരണവുമില്ലാതെ ഹർജിക്കാരിയെ ജോലിയിൽനിന്നും പിരിച്ചുവിടുന്നതിനായി അധികൃതർ നടപടി സ്വീകരിച്ചുവരുകയാണെന്നും പ്രായപരിധി കഴിഞ്ഞതിനാൽ ഇനിയൊരു ജോലിക്ക് സാധ്യതയില്ലാത്തതിനാൽ ഹർജിക്കാരിയെ ജോലിയിൽനിന്ന് പിരിച്ചുവിടുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജി സമിതിയോഗം പരിഗണിക്കുകയും താത്കാലിക നിയമനങ്ങൾ സംവരണതത്വം പാലിക്കാതെ നടത്തുന്നവയായതിനാൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക എന്നുള്ളത് പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ താത്പര്യത്തിനു

വിരുദ്ധമായതിനാൽ ഹർജി പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. സമിതി തീരുമാനം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

16. നഷ്ടപ്പെട്ട ജോലി തിരികെ ലഭിക്കുന്നതിനും സ്റ്റേ ഉത്തരവോടെ ജോലി ചെയ്ത കാലത്തെ ശമ്പളം അനുവദിച്ചു കിട്ടുന്നതിനുമായി ശ്രീ. എം. സദാനന്ദൻ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 4050/ബി.സി.സി.1/2009/നി.സെ.)

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി സ്വദേശിയായ ശ്രീ. എം. സദാനന്ദൻ സമർപ്പിച്ചതാണ് ഹർജി. വയനാട് ജില്ലാ നിർമ്മിതി കേന്ദ്രത്തിൽ 1989 മുതൽ സൈറ്റ് എഞ്ചിനീയറായി ജോലി ചെയ്തുവരുന്ന ഹർജിക്കാരനെ ജില്ലാ സംസ്ഥാന മാരത്തോൺ ഓട്ടത്തിൽ ഒന്നാമതായതിന്റെയും സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യതയുടെയും അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നിയമിച്ചതാണ്. യൂണിയൻ പ്രവർത്തനം നടത്തിയതിന്റെ പേരിൽ 1992-ൽ സെക്രട്ടറി ടിയാനെ പിരിച്ചുവിടുകയും ഉത്തരവ് പരിശോധിച്ച ജില്ലാ കളക്ടർ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തുവെങ്കിലും പുതിയതായി വന്ന സെക്രട്ടറി വീണ്ടും പിരിച്ചുവിട്ടു. അതേ തുടർന്ന് ടിയാൻ കോടതിയിൽ നിന്നും സ്റ്റേ ഉത്തരവോടുകൂടി 15-10-1992 മുതൽ ജോലിയിൽ തുടർന്നു. സ്റ്റേ ഉത്തരവോടെ ജോലി ചെയ്ത കാലയളവിൽ ശമ്പളം ലഭിച്ചിട്ടില്ല എന്ന് ഹർജിയിൽ പറയുന്നു. ഹർജിക്കാരന് 46 വയസ്സായിയെന്നും ടിയാൻ ഈഴവ സമുദായാംഗമാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. നഷ്ടപ്പെട്ട ജോലി തിരികെ ലഭിക്കുന്നതിനും സ്റ്റേ ഓർഡറോടെ ജോലി ചെയ്ത കാലത്തെ ശമ്പളം ലഭ്യമാക്കുന്നതിനും വേണ്ട സഹായം ചെയ്യണമെന്നാണ് ഹർജിക്കാരന്റെ അപേക്ഷ.

ഹർജി പരിഗണിച്ച സമിതിയോഗം ബന്ധപ്പെട്ട വകുപ്പിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

ഹർജിയിന്മേൽ ഭവനനിർമ്മാണ (എ) വകുപ്പ് 16-4-2012-ലെ 7331/എ 2/09/ഭവനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"ശ്രീ. സദാനന്ദനെതിരെയുള്ള ഗുരുതരമായ ആരോപണങ്ങളെ തുടർന്ന് 1992-ൽ ടിയാനെ വയനാട് ജില്ലാ നിർമ്മിതി കേന്ദ്രത്തിലെ ജോലിയിൽ നിന്നും വിടുതൽ ചെയ്യുകയും ഇതിനെതിരായി ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ OP No. 13549/92-K ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 12-6-1995-ലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ തീരുമാനം ശരിവയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീ. സദാനന്ദൻ WA/194/98 ഫയൽ ചെയ്യുകയും ആയതിന്റെ വിചാരണ വേളയിൽ ടെർമിനേഷൻ ഓർഡറിൽ ടിയാനെതിരെയുള്ള ആരോപണങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ അത് ഭാവിയിലുള്ള ടിയാന്റെ തൊഴിൽ സാധ്യതകളെ പ്രതികൂലമായി ബാധിക്കുമെന്ന ശ്രീ. സദാനന്ദന്റെ വാദത്തെ തുടർന്ന് ഇക്കാര്യത്തിൽ അനുഭാവപൂർണ്ണമായ ഒരു നിലപാട് നിർമ്മിതി കേന്ദ്രം

സ്വീകരിക്കുകയും ടിയാന്റെ ടെർമിനേഷൻ ഓർഡറിൽ നിന്നും ടിയാനെതിരെയുള്ള ആരോപണങ്ങൾ നീക്കം ചെയ്യുകയും അപ്രകാരം WA തീർപ്പാക്കിയിട്ടുള്ളതുമാണ്. തുടർന്ന് ശ്രീ. സദാനന്ദൻ നിർമ്മിതി കേന്ദ്രത്തിൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രം ടി ആവശ്യം നിരസിച്ചു. നിർമ്മിതിയുടെ ഗവേർണിംഗ് ബോഡിയുടെ തീരുമാനമനുസരിച്ച് 30 വയസ്സിൽ താഴെയുള്ള ഡിപ്ലോമ/ഡിഗ്രി ഉള്ള അപേക്ഷകരെയാണ് കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള ടെക്നിക്കൽ സ്റ്റാഫിന്റെ ഒഴിവുകളിലേക്ക് നിയമനത്തിനായി പരിഗണിക്കുന്നത്. ആയതിനാൽ ശ്രീ. സദാനന്ദന്റെ അപേക്ഷ പരിഗണിക്കാൻ കഴിയുന്നതല്ല എന്ന് അറിയിക്കുന്നു".

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 1-10-2012-ലെ യോഗം റിപ്പോർട്ട് അംഗീകരിച്ചു. സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

17. മലബാർ മേഖലയിലെ 'ശൈവ വെള്ളാള' സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. പി. എസ്. ജയപ്രകാശ് കുമാർ മുതൽപേർ സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 3470/ബി.സി.സി.1/2011/നി.സെ.)

മലബാർ മേഖലയിലെ 'ശൈവ വെള്ളാള' സമുദായത്തിൽപ്പെട്ടവർ നിലവിലുള്ള ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് പല സമുദായങ്ങളെക്കാളും പിന്നോക്കാവസ്ഥ യിലാണെന്നും കേന്ദ്രസർക്കാർ പതിനാല് സംസ്ഥാനങ്ങളിലെ ഒ.ബി.സി. ലിസ്റ്റ് പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പഴയ മലബാർ ജില്ലയിലെ പാരമ്പര്യജാതി ശ്രേണിയിൽ പിന്നോക്കാവസ്ഥയിലുണ്ടായിരുന്നതും ഭാഷാന്യൂനപക്ഷവു മായിരുന്ന ശൈവ വെള്ളാള സമുദായത്തെക്കുറിച്ചും അതിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെക്കുറിച്ചും വിശദമായ പഠനം നടത്തി സമുദായത്തിലെ ജാതി ഉപജാതി വിഭാഗങ്ങളെ നിർണ്ണയിച്ച് ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

11-11-2011-ന് ചേർന്ന സമിതിയോഗത്തിൽ ഹർജി പരിഗണിക്കുകയും പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചുള്ള സാമൂഹിക സാമ്പത്തിക സർവ്വേ ഇപ്പോൾ നടന്നുവരുന്നതിനാൽ ഹർജി വിഷയത്തിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കാൻ ബുദ്ധിമുട്ടാണെന്ന് സമിതി വിലയിരുത്തുകയുണ്ടായി. സമിതി നിർദ്ദേശ പ്രകാരം പ്രസ്തുത വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച സാമൂഹിക സാമ്പത്തിക സർവ്വേ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. 2005-ലെ വിവരാവകാശ നിയമപ്രകാരം മറുപടി ലഭ്യമാക്കുന്നതിന് ശ്രീമതി എം. സിന്ധു സമർപ്പിച്ച അപേക്ഷ

(ഫയൽ നമ്പർ 5013/ബി.സി.സി.1/2010/നി.സെ.)

പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ 27-5-2009-ലെ തിരുവനന്തപുരം കളക്ടേറ്റ് യോഗത്തിൽ ശ്രീമതി എം. സിന്ധു ജോലി സംബന്ധമായ ഹർജി നൽകിയിരുന്നു. പ്രസ്തുത ഹർജിയിന്മേൽ (ഫയൽ നമ്പർ 2445/ബി.സി.സി.1/2009/ ലെജി.) ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും തുടർന്ന് 16-6-2010-ലെ സമിതി യോഗത്തിൽ പ്രസ്തുത ഹർജിയിന്മേൽ ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. തുടർന്ന് തന്റേതല്ലാത്ത കാരണത്താലാണ് പരാതിക്കാരിക്ക് ജോലി ലഭിക്കാതെ പോയതെന്നും അതിനാൽ പ്രസ്തുത ജോലി ഹർജിക്കാരിക്ക് നൽകുന്നതിനുവേണ്ടി ഗവൺമെന്റിലേക്ക് സമിതി ശിപാർശ ചെയ്യുകയും ചെയ്തു. അതനുസരിച്ച് 26-8-2010-ൽ തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പിന് സമിതി ശിപാർശ ഉൾപ്പെടുത്തി കത്തയയ്ക്കുകയും ചെയ്തു. 8-10-2010-ൽ ശ്രീമതി സിന്ധു കത്തിൽ വിവരാവകാശ നിയമം 2005 പ്രകാരം നൽകിയ അപേക്ഷയിൽ തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പിന് അയച്ച കത്തിന്റെ കോപ്പിയാണ് ആവശ്യപ്പെട്ടിരുന്നത്.

17/2015.വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ അടങ്ങുന്ന വിഷയം പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ പരിഗണനയിൽ ഇരിക്കുന്നതും സമിതി അതിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതുമാണ്. ആകയാൽ ഇക്കാര്യം 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 8(1)(സി) പ്രകാരം പ്രസ്തുത രേഖ ലഭ്യമാക്കാൻ തൽക്കാലം നിർവ്വാഹമില്ലായെന്നുമുള്ള വിവരം 14-10-2010-ലെ 5013/ബി.സി.സി.1/2010/ലെജി. കത്തുപ്രകാരം ഹർജിക്കാരിയെ അറിയിക്കുകയുണ്ടായി. തുടർന്ന് ഹർജിക്കാരി അപ്പീൽ പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. 14-10-2010-ൽ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആന്റ് അണ്ടർ സെക്രട്ടറി നൽകിയ മറുപടി തൃപ്തികരമല്ലെന്നും 26-8-2010-ൽ ഈ സെക്രട്ടേറിയറ്റിൽ നിന്നും തദ്ദേശസ്വയംഭരണ സെക്രട്ടറിക്കയച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്നമാണ് അപ്പീൽ പെറ്റീഷനിലെ ആവശ്യം.

അപേക്ഷക ആവശ്യപ്പെട്ട രേഖകൾ അടങ്ങുന്ന വിഷയം കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ പരിഗണനയിലിരിക്കുന്നതിനാലും സമിതി അതിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാലും 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 8(1)(സി) പ്രകാരം പ്രസ്തുത രേഖ അപേക്ഷകയ്ക്ക് ലഭ്യമാക്കാൻ തൽക്കാലം നിർവ്വാഹമില്ല എന്ന മറുപടി ഹർജിക്കാരിയെ അറിയിച്ച് അപ്പീൽ അപേക്ഷ നിരസിക്കുകയുണ്ടായി.

19. പ്ലസ് ടു കോഴ്സിലെ പ്രവേശനത്തിന് പിന്നോക്കസമുദായംഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണം വൊക്കേഷണൽ ഹയർ സെക്കന്ററിയിലേതിന് സമാനമാക്കുന്നത് സംബന്ധിച്ച് 'മെക്ക' സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 13647/ബി.സി.സി.1/2003/നി.സെ.)

മേൽ വിഷയം സംബന്ധിച്ച ഹർജിയിന്മേൽ പൊതു വിദ്യാഭ്യാസ (യു) വകുപ്പിന്റെ

4-9-2013-ലെ 43675/യു3/13/പൊ.വി. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"മുസ്ലീം എംപ്ലോയീസ് കൾച്ചറൽ അസോസിയേഷൻ (മെക്ക), ഹയർ സെക്കന്ററി സ്കൂളുകളിൽ 25% സംവരണം പിന്നോക്ക സമുദായങ്ങൾക്ക് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഹു. പിന്നോക്കസമുദായ ക്ഷേമ സമിതി മുമ്പാകെ 28-8-2003-ൽ നിവേദനം സമർപ്പിച്ചിരുന്നു. അതിന്മേലുള്ള റിപ്പോർട്ട് 22-9-2008-ലെ നമ്പർ 61283/യു3/05/പൊവിവ. കത്ത് പ്രകാരം ബഹു. കേരള നിയമസഭാ സെക്രട്ടറിക്ക് നൽകിയിരുന്നു. ടി കത്തിൽ ഹയർ സെക്കന്ററി കോഴ്സുകൾക്ക് പിന്നോക്ക വിഭാഗങ്ങൾക്കായി 21% സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കായി 25% സീറ്റുകളും സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ഹയർ സെക്കന്ററി വിഭാഗവും വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗവും തമ്മിൽ ഏകീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണെന്നും സൂചിപ്പിച്ചിരുന്നു. ഇത് പ്രധാനപ്പെട്ട നയപരമായ ഒരു തീരുമാനം ആയതിനാൽ പല തലങ്ങളിലും വിശദമായ ചർച്ച നടത്തി സർക്കാർ തീരുമാനമെടുക്കേണ്ടതാണ്".

പ്രസ്തുത റിപ്പോർട്ട് 27-12-2013-ലെ സമിതി യോഗം പരിഗണിക്കുകയും ഹയർ സെക്കന്ററിയിലെ സംവരണം വൊക്കേഷണൽ ഹയർ സെക്കന്ററിയിലേതിന് തുല്യമാക്കാൻ ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

പ്ലസ് ടു കോഴ്സിലെ പിന്നോക്കസമുദായ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സംവരണം വൊക്കേഷണൽ ഹയർ സെക്കന്ററിയിലേതിന് തുല്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. കേരളത്തിലെ പിന്നോക്കവിഭാഗ കമ്മീഷന്റെ അധികാരം വിപുലപ്പെടുത്തി ക്കൊടുക്കണമെന്നാവശ്യപ്പെട്ട് 'മെക്ക' സ്റ്റേറ്റ് യൂണിറ്റ് സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 2465/ബി.സി.സി.1/2009/നി.സെ.)

ഹർജിയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 24-5-2012-ലെ 11357/എഫ്3/12/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമായ റിപ്പോർട്ട് ഇപ്രകാരമാണ്:

"സംസ്ഥാന സർക്കാർ നടത്തുവാൻ ഉദ്ദേശിച്ചിരുന്ന വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക സർവ്വേ കേന്ദ്ര സർക്കാർ നടത്തുന്ന സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിന്റെ വിവരങ്ങൾ ലഭ്യമാകുന്നതുവരെ നിറുത്തിവയ്ക്കുവാൻ 27-3-2012-ലെ സ.ഉ. (കൈ) നമ്പർ 51/12/പ.ജ.പ.വ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ടെന്ന വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു".

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 1-1-2013-ലെ സമിതിയോഗം സംസ്ഥാന സർക്കാർ, വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക സർവ്വേയിലൂടെ ശേഖരിക്കാൻ ഉദ്ദേശിക്കുന്ന വിവരങ്ങൾ ഇപ്പോൾ കേന്ദ്ര സർക്കാർ നടത്തുന്ന സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിന്റെ ചോദ്യാവലിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ആരായുവാനും രണ്ട്

സർവ്വേകളുടെയും ചോദ്യാവലിയുടെ പകർപ്പുകൾ സമിതിക്ക് ലഭ്യമാക്കാനും നിർദ്ദേശിക്കുകയുണ്ടായി. സമിതി ആരാഞ്ഞ അധികവിവരങ്ങളെ സംബന്ധിച്ച റിപ്പോർട്ടിന്റെയും പ്രസ്തുത ചോദ്യാവലികളുടെ പകർപ്പുകളും ആവശ്യപ്പെട്ടുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് കത്തിടപാടുകൾ നടത്തിവരുന്നു.

സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക സർവ്വേയുടെയും കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിന്റെയും ചോദ്യാവലിയുടെ പകർപ്പുകൾ സമിതിക്ക് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സി. മമ്മൂട്ടി,
*ചെയർമാൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 നവംബർ 25.